"ഭരണഭാഷ മാതൃഭാഷ"

സി 7-17954/17

ഫോൺ } ഓഫീസ് : 0471 - 2321054
വസതി :

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ആഫീസ് പി. ഒ
തിരുവനന്തപുരം 695033

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

തീയതി 21.06.2017

ശ്രീ. എം.പി. ശിവദത്തൻ
മാവുങ്കൽ വീട്,
കുമ്പളങ്ങി. പി.ഒ
കൊച്ചി - 682 007

സർ,

വിഷയം :- പഞ്ചായത്ത് വകുപ്പ് - വിവരാവകാശ നിയമം 2005 - വിവരം ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന :- 1) 23.05.2017 ന് ലഭിച്ച താങ്കളുടെ 11.05.2017 ലെ അപേക്ഷ
2) 01.06.2017 ലെ ഇതേ നമ്പർ കത്ത്

സൂചന പ്രകാരമുള്ള താങ്കളുടെ അപേക്ഷ ചോദ്യാവലിയുടെ രൂപത്തിലുള്ളതാണ്. ആയത് വിവരാവകാശ നിയമപ്രകാരം പരിഗണനാർഹനമല്ല. എന്നിരുന്നാലും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും ജി.ഒ(ആർ.റ്റി)19/2011/തസ്വഭവ തീയ്യതി 14.01.2011 നമ്പറായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരവും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളിൽ, കെട്ടിടം ഹോംസ്റ്റേ ആയി ഉപയോഗിക്കുന്നവയ്ക്ക് ഏറ്റവും കുറഞ്ഞ നിരക്ക് 30/- രൂപയും ഏറ്റവും കൂടിയ നിരക്ക് 60/- രൂപയും ആണ്. ഹോസ്റ്റേ എന്ന ഗണം നിലവിലുള്ള കേരള പഞ്ചായത്ത് രാജ് ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ഹോംസ്റ്റേയോട് അനുബന്ധിച്ച് ഹോട്ടലുകളോ ഭക്ഷണശാലകളോ പ്രവർത്തിയ്ക്കുന്നു എന്നതിനാൽ ഹോംസ്റ്റേകൾക്ക് ഡി & ഒ ലൈസൻസും ആവശ്യമാണ്. ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തുന്നതുമാണ് എന്ന വിവരം അറിയിക്കുന്നു.

(2)

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ 30 ദിവസത്തിനുള്ളിൽ അപ്പീൽ അധികാരിയ്ക്ക്, അപ്പീൽ നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

എം.എസ്. നാരായണൻ നമ്പൂതിരി
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ II &
പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (വികസനം)
ഫോൺ : 0471-2321053, 9496040602
(email-jddj.dp@gmail.com)

അപ്പീൽ അധികാരിയുടെ വിലാസം

എം.പി. അജിത്കുമാർ
അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ
പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം-33
ഫോൺ : 0471-2321350
(email-addldp@lsgkerala.gov.in)

എച്ച്/